# ശ്ലീഹാക്കാലം നാലാം ഞായർ - 2016 ജൂൺ 5
(ലൂക്കാ. 6: 27-36)

## വചനസന്ദേശം: റവ. ഫാ. ഷാൻലി ചെർപ്പണത്ത്

ഇറാക്കിലും സിറിയയിലും നടക്കുന്ന നരനായാട്ടിന്റെയും ശത്രു സംഹാരത്തിന്റെയും സംഭവകഥകൾ ഇന്ന് വാർത്തയല്ലാതായിരിക്കുന്നു. കശാപ്പുശാലകളിൽപ്പോലും കാണാത്തത്ര ഭീകരമായ ചോരപ്പുഴകൾ കൊ ണ്ടും കബന്ധനൃത്തങ്ങൾ കൊണ്ടും കുപ്രസിദ്ധമായ ഇറാക്കിൽ നിന്ന് ഈയ്യിടെ പുറത്തുവന്ന മിറിയം എന്ന ബാലികയെക്കുറിച്ചുള്ള വാർത്ത അന്താരാഷ്ട്ര മാദ്ധ്യമങ്ങളിലും തുടർന്ന് യൂട്യൂബിലും വൻ ഹിറ്റാവുകയും, അതെതുടർന്ന് ഒരുകാലത്ത് വിശ്വാസത്തിനു നേരെ മുഖം തിരിച്ചുപിടിച്ചിരുന്ന അമേരിക്കപോലുള്ള വികസിത രാജ്യങ്ങളിലെ കൗമാരക്കാരുടെയിടയിലും കുട്ടികളുടെയിടയിലും വിശ്വാസത്തിന്റെയും ആശ്വാസത്തിന്റെയും പ്രതീക്ഷ നൽകുകയാണ്. 2014-ലെ ഗ്രീഷ്മകാലം, ഇറാക്കിലെ മൊസൂൾ നഗരത്തിൽ ജീവിച്ചിരുന്ന അനേകം ക്രൈസ്തവരുടെ ജീവിതം പൊടുന്നനെയാണ് മാറിമറിഞ്ഞത്. ISIS എന്നപേരിലറിയപ്പെടുന്ന ഭീകരർ ആയിരക്കണക്കിനുപേരെ കശാപ്പുചെയ്തുകൊണ്ട്, നഗരത്തെ മുഴുവൻ കുരുതിക്കളമാക്കിയപ്പോൾ ലക്ഷക്കണക്കിന് ക്രൈസ്തവകുടുംബങ്ങൾ സ്വന്തം വീടും സ്വത്തുവകകളും ഉപേക്ഷിച്ച് അഭയാർത്ഥികളായിത്തീർന്നു. അവരുടെയിടയിൽ 11 വയസ്സുകാരിയായ മിറിയാമിന്റെയും, അനുജത്തി സമുറാ, പിതാവ് വാലിദ് ബ്ഹന്നാം, മാതാവ് ആലീസ് എന്നിവർ ചേരുന്ന കൊച്ചുകുടുംബവും അഭയാർത്ഥികൾ എന്നപേരിൽ മുദ്ര കുത്തപ്പെട്ട് ആ ദുഃഖസാഗരത്തിൽ ഒരു തുള്ളിയായി അലിഞ്ഞുചേർന്നു. തന്റെ ഉറ്റവരെയെല്ലാം അവർ നിർദാഷിണ്യം വെടിവച്ചു കൊന്നുകളഞ്ഞുവെങ്കിലും, തങ്ങളുടെ വീടും മറ്റും അവർ കൊള്ളയടിക്കുകയും, പിന്നീട് ബോംബുവച്ച് തകർക്കുകയും ചെയ്തുവെങ്കിലും, മിറിയം പറഞ്ഞു: "എനിക്ക് അവരോടു ദേഷ്യമില്ല. അവരോടു ക്ഷമിക്കണേ എന്നു മാത്രമാണ് ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നത്."

തങ്ങളുടെ നാടും, വീടും, ബന്ധുക്കളെയും, ജീവിതവും, ബാല്യവും തകർത്തവരോട് ക്ഷമിക്കണേ എന്ന് ദൈവത്തോടു പ്രാർത്ഥിക്കുന്നതിനു കാരണമെന്താണ് എന്ന അമേരിക്കൻ ടിവി ചാനലായ CBN പ്രവർത്തകരുടെ ചോദ്യത്തിന് ഒരു സുവിശേഷ പ്രഘോഷകന്റെ ഗൗരവത്തോടെ കുഞ്ഞു മിറിയം പറഞ്ഞു: "യേശു പറഞ്ഞിട്ടുണ്ട്: മറ്റുള്ളവരോട് ക്ഷമിക്കാൻ, നിങ്ങളെ ഉപദ്രവിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ, ശത്രുക്കളെ സ്നേഹിക്കുവാൻ."

ക്രിസ്തുവിന് 1795 വർഷം മുമ്പ് മെസ്സപ്പൊട്ടോമിയ ഭരിച്ചിരുന്ന ഹമുറാബിയുടെ 282 നിയമങ്ങളിൽ (Code of Hammuraby) 195 മുതൽ 200 വരെയുള്ള നിയമങ്ങൾ ഇപ്രകാരമാണ് "മകൻ പിതാവിനെ അടിച്ചാൽ കൈ ഛേദിച്ചു കളയണം (195), ആരെങ്കിലും മറ്റൊരാളുടെ കണ്ണ് നശിപ്പിച്ചാൽ അക്രമിയുടെ കണ്ണും നശിപ്പിക്കണം (196), ആരെങ്കിലും മറ്റൊരാളുടെ അസ്ഥി തകർത്താൽ അവന്റെയും അസ്ഥി തകർക്കണം (197) ആരെങ്കിലും മറ്റൊരാളുടെ പല്ല് അടിച്ചു തെറിപ്പിച്ചാൽ അവന്റെയും പല്ല് അടിച്ചു തെറിപ്പിക്കണം (200)."

ക്രിസ്തുവിന് 2000 വർഷം മുമ്പ് മോശ എഴുതിയ പുറപ്പാടിന്റെ പുസ്തകം 21:24-25 ഇപ്രകാരം പറയുന്നു: "കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, കൈക്കു പകരം കൈ, കാലിനു പകരം കാല്, പൊള്ളലിനു പകരം പൊള്ളൽ, മുറിവിനു പകരം മുറിവ്, പ്രഹരത്തിനു പകരം പ്രകരം"

ക്രിസ്തുവിന് 455 വർഷം മുമ്പ് തയ്യാറാക്കിയ റോമൻ നിയമമായ Twelve Table ൽ VIII2 ഇപ്രകാരം പറയുന്നു: "ആരെങ്കിലും മറ്റൊരാളുടെ ഏതെങ്കിലും അവയവം ഛേദിച്ചുകളഞ്ഞാൽ അതേ രീതിയിൽ തന്നെ അവനോടും ചെയ്യണം."

പശ്ചിമേഷ്യയും ദക്ഷിണപൂർവ്വ യൂറോപ്പും ചേർന്നു വരുന്ന വലിയൊരു ഭൂപ്രദേശത്ത് നിലനിന്നിരുന്ന ഒരു സാമൂഹിക നീതി വ്യവസ്ഥയുടെ പരിഛേദങ്ങളാണ് നാമിവിടെ കാണുന്നത്. "അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക" എന്ന ഒരു സാമൂഹിക നിയമക്രമം തന്നെയാ ണ് ഈ പ്രദേശങ്ങളിലെല്ലാം യേശുവിന്റെ കാലത്തും നിലനിന്നിരുന്നത്. ഇത്തരം ഒരു സാമൂഹിക ക്രമത്തെയാണ്, നിയമസംഹിതയെയാണ് മലയിലെ പ്രസംഗത്തിലൂടെ യേശു മാറ്റി പ്രതിഷ്ഠിച്ചത്.

യഹൂദർ പിന്തുടർന്നു പോന്ന മോശയുടെ നിയമങ്ങൾക്ക് ഒരു ലക്ഷ്യമുണ്ടായിരുന്നു. തങ്ങൾ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരാണ്. ദൈവത്തിന്റെ സ്വന്തമാണ്. അതിനാൽ വിജാതീയരുമായി

സംസർഗം ഉണ്ടായി തങ്ങളുടെ വംശശുദ്ധിയും വിശുദ്ധിയും നഷ്ടപ്പെടുത്താൻ അനുവദിക്കരുത്. അതായത്, അന്യദേശക്കാരെ ശത്രുക്കളായി കാണുകയും, അങ്ങനെ അവരുമായുള്ള സംസർഗം ഒഴിവാക്കുകയും ചെയ്യുകയും അതുവഴി അവരുടെ വംശശുദ്ധി പരിരക്ഷിക്കുകയും ചെയ്യുക എന്ന തായിരുന്നു അത്തരം നിയമങ്ങളുടെ വ്യംഗ്യലക്ഷ്യം.

നിയമാവർത്തന പുസ്തകം 7:1,3,6 ൽ ഇപ്രകാരം പറയുന്നു: നിങ്ങൾ കൈവശപ്പെടുത്താൻ പോകുന്ന ദേശത്തുള്ള നിങ്ങളെക്കാൾ സംഖ്യാബലവും, ശക്തിയുമുള്ള ഹിത്യർ, ഗിർഗാഷ്യർ, അമോര്യർ, കാനാന്യർ, പെരീസ്യർ, ഹിവ്യർ, ജബൂസ്യർ എന്നീ ഏഴു ജനതകളുമായി ഉടമ്പടി ഉണ്ടാക്കരുത്; നിങ്ങൾ അവരുമായി വിവാഹ ബന്ധത്തിലേർപ്പെടരുത്, നിങ്ങളുടെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കുകയോ അവരുടെ പുത്രിമാ രെ നിങ്ങളുടെ പുത്രന്മാർക്കുവേണ്ടി സ്വീകരിക്കുകയോ ചെയ്യരുത്. കാരണം, നിങ്ങൾ നിങ്ങളുടെ ദൈവമായ കർത്താവിനു വിശുദ്ധ ജനമാണ്. അവിടുന്ന് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ ബാഹ്യ അടയാളമായി അബ്രാഹത്തിന്റെ കാലം മുതൽ അവർ ശരീരത്തിൽ പരിഛേദനം നടത്തിപോന്നു. തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരും ദൈവത്തിനു പ്രിയപ്പെട്ടവരുമാണെന്ന ബോധ്യം അവരിൽ ജനിപ്പിക്കാൻ പര്യാപ്തമായി ഈ അടയാളം.

എന്നാൽ യേശുവിന്റെ പദ്ധതികൾ, ലക്ഷ്യം വ്യത്യസ്തമായിരുന്നു. മേൽപ്പറഞ്ഞ നിയമങ്ങളെയെല്ലാം ഇല്ലാതാക്കുകയല്ല, മറിച്ച് പൂർത്തീകരിക്കുകയായിരുന്നു (മത്താ. 5:17) പരിപൂർണ്ണമാക്കുകയായിരുന്നു അവന്റെ ലക്ഷ്യം. അവൻ തന്റെ ജനത്തിന്റെ അടുത്തേയ്ക്ക് വന്നത് തന്റെ ജനത്തിന് ദൈവമക്കൾ എന്ന സ്ഥാനം നൽകാനാണല്ലോ (യോഹ. 1:12). ഒന്നു കൂടി വ്യക്തമാക്കി പറഞ്ഞാൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർ എന്ന സ്ഥാനത്തുനിന്ന് തന്റെ ജനത്തിന് ദൈവമക്കളുടെ പദവി നൽകുക, അതു വഴി ദൈവപിതാവിന്റെ പരിപൂർണ്ണത (മത്താ. 5:48) യിലേയ്ക്ക് ഉയർത്തുക എന്ന തായിരുന്നു യേശുവിന്റെ ലക്ഷ്യം.

നിയമത്തെ പൂർത്തിയാക്കാൻ വന്ന അവിടുന്ന് നൽകിയ ഏക നിയമം സ്നേഹം മാത്രമാണ്. കാരണം നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ് (റോമാ 13:10). അതിനാൽ ദൈവ മക്കളാവുക, പിതാവിന്റെ പരിപൂർണ്ണതയിലേയ്ക്ക് വളരുക എന്നൊക്കെ പറഞ്ഞാൽ അതിന്റെ അർത്ഥം വേറൊന്നുമല്ല "സ്നേഹിക്കുക" എന്നു മാത്രമാണ്. കാരണം സ്നേഹിക്കുന്നവൻ ദൈവത്തിൽ നിന്നു ജനിച്ചവനാണ്; എന്തെന്നാൽ ദൈവം സ്നേഹമാണ് (1 യോഹ. 4:7,8).

അതായത്, നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പ്രതികാരത്തിന്റെ നിയമത്തെ സ്നേഹത്തിന്റെ നിയമം കൊണ്ട് പൂർത്തീകരിക്കുകയാണ് യേശു ചെയ്തത്.

തിന്മയെ നന്മകൊണ്ടു നേരിടാൻ നമ്മെ പരിശീലിപ്പിക്കുന്ന തരത്തിൽ അഞ്ചു പ്രായോഗിക പാഠങ്ങളാണ് യേശു ഇവിടെ എടുത്തു പറയുന്നത്: ലൂക്കായിൽ ഒരു ചെകിട്ടത്ത് എന്നത് മത്തായിയിൽ വലത്തു കരണത്ത് എന്ന്.

1. ഒരു ചെകിട്ടത്തടിക്കുന്നവനെതിരെ പ്രതികരിക്കുക:

ലൂക്കായുടെ സുവിശേഷത്തിൽ ഒരു ചെകിട്ടത്തടിക്കുക എന്നത് മത്തായിയുടെ സുവിശേഷത്തിൽ വലത്തു കരണത്തടിക്കുക എന്ന ഒരു വ്യത്യാസത്തോടെയാണ് കാണുന്നത്.

സ്വയരക്ഷയ്ക്കായി പ്രതികരിക്കുക, ചെറുത്തു നിൽക്കുക എന്നത് ഏതൊരു കാലത്തും, സംസ്കാരത്തിലും തെറ്റായി കരുതിയിരുന്നില്ല. എന്നത് സാധാരണ പ്രതിയോഗികളുമായുള്ള നേരിട്ടുള്ള തർക്കത്തിനിടെയോ അക്രമത്തിനിടെയോ നടക്കുന്ന കാര്യമല്ല. മറിച്ച് എതിരാളിയുടെ വലത്തു കരണത്തടിക്കണമെങ്കിൽ അത് താഴെ പറയുന്ന മൂന്നു തരത്തിൽ മാത്രമായിരിക്കും. ഒന്നുകിൽ: അടിക്കുന്നയാൾ ഇടതു കൈകൊണ്ട് അടിക്കണം. ഏതായാലും ഇടതുകൈമാത്രം സ്വാധീനമുള്ളവരുടെ കാര്യമല്ല യേശു പരാമർശിക്കുന്നത് എന്നത് സ്പഷ്ടമാണ്. അല്ലെങ്കിൽ: ഒരുവനെ അക്രമി പുറകിൽ നിന്ന് അടിക്കണം. അതുമല്ലെങ്കിൽ: പുറം കൈ കൊണ്ട് ആക്രമിക്കണം.

പുറകിൽ നിന്ന് ആക്രമിക്കുന്നത് ചതിയാണ്. പുറംകൈകൊണ്ട് അടിക്കുന്നത് അവനെ അവഹേളിക്കുന്നതിനു തുല്യമാണ്.

ചതിക്കാനാഗ്രഹിച്ച് പുറകിൽ നിന്ന് ആക്രമിച്ചാലും, അവഹേളിക്കാനാഗ്രഹിച്ച് പുറംകൈകൊണ്ടു പ്രഹരിച്ചാലും അക്രമിയെ തടയരുത് എന്ന് പഠിപ്പിക്കുക മാത്രമല്ല യേശു ചെയ്തത്; ആദ്യത്തെ മലയേറ്റ പ്രസംഗത്തിനിടെ പഠിപ്പിച്ച ഈ പാഠങ്ങൾ അവസാനത്തെ മലയേറ്റ വേളയിൽ തികച്ചും പ്രായോഗികമെന്ന് പ്രവർത്തിച്ചു തെളിയിക്കുകയും കൂടി അവിടന്ന് ചെയ്തു. അറക്കാൻ കൊണ്ടുപോകുന്ന ആട്ടിൻകുട്ടിയെപ്പോലെയും, ബലിപീഠത്തിലേയ്ക്കാനയിക്കപ്പെടുന്ന ബലിമൃഗത്തെപ്പോ

ലെയും ശാന്തനായി കാണപ്പെട്ട അവിടന്ന് "നീതിമാനായിരുന്നു" (മത്താ. 27:24) എന്ന് പീലാത്തോസ് വിധിക്കുകയുണ്ടായി എന്നും ഈ ശാന്തതയും സഹനവും കണ്ടിട്ട് ശതാധിപൻ പ്രഖ്യാപിച്ചു: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മത്താ. 27:54) എന്നുകൂടി ഇതോടൊപ്പം ചേർത്തു വായിക്കണം.

2. മേലങ്കി എടുക്കുന്നവനെ കുപ്പായം എടുക്കുന്നവനിൽ നിന്ന് തടയരുത്.

കടം വാങ്ങിയ ദരിദ്രനും നിരാലംബനുമായവന്റെ പണയ വസ്തുവാണ് ഉടുപ്പ്. കടം വീട്ടാൻ കഴിയാതെ തങ്ങളുടെ നഗ്നത മറയ്ക്കാനുള്ള ഉടുപ്പുപോലും നഷ്ടപ്പെട്ട ഗതികെട്ടവർക്ക് നിയമം അനുവദിച്ചിട്ടുള്ള ഒരാനുകൂല്യമാണ് അവന്റെ മേലങ്കി. "മേൽവസ്ത്രം പണയം വഴി പിടിച്ചെടുത്താലും സൂര്യാസ്തമയത്തിനുമുമ്പ് അവനു തിരികെ കൊടുക്കണം കാരണം ഒന്നും പുതയ്ക്കാനില്ലാതെ അവൻ ഉറങ്ങുമ്പോൾ അവൻ വിളിച്ചു കരഞ്ഞാൽ ഞാൻ അതു കേൾക്കും" (പുറപ്പാട്. 22:26,27).

പണയം വഴി എല്ലാം നഷ്ടപ്പെട്ടവന് നിയമം നൽകിയ ഏക ആനുകൂല്യമാണ് അവന്റെ മേൽ വസ്ത്രം. വ്യവഹരിച്ച് ഒരുവന്റെ ഉടുപ്പു കരസ്ഥമാക്കാൻ ഉദ്യമിക്കുന്നവന് അവനുള്ള നിയമത്തിന്റെ ഏക ആനുകൂല്യമായ മേൽവസ്ത്രം കൂടി കൊടുത്തുവിടുക എന്നു പഠിപ്പിക്കുക മാത്രമല്ല, തന്റെ മേൽ വസ്ത്രം കീറി പങ്കിട്ടെടുക്കുകയും, തന്റെ കുപ്പായത്തിനുവേണ്ടി നറുക്കിടുകയും ചെയ്തവരെ നോക്കി പിതാവേ ഇവരോടു പൊറുക്കണേ എന്നു പ്രാർത്ഥിച്ചവന്റെ പേരാണ് ദൈവപുത്രൻ.

3. ചോദിക്കുന്നവനു കൊടുക്കുക, നിന്റെ വസ്തുക്കൾ എടുത്തുകൊണ്ടു പോകുന്നവനോട് തിരികെ ചോദിക്കരുത്

മേൽപ്പറഞ്ഞതു കൂടാതെ റോമൻ ഭരണത്തിന്റെ കീഴിൽ അടിമകളെപ്പോലെ കഴിഞ്ഞിരുന്ന പാലസ്തീനയിലെ ജനങ്ങളനുഭവിച്ചിരുന്ന ദുരിതത്തിന്റെ ഒരു നേർകാഴ്ച കൂടിയാണീ വചനം. പലസ്തീനയിലുണ്ടായിരുന്ന റോമൻ സൈനികർ യഹൂദരുടെ വസ്തുവകകൾ ബലമായി അപഹരിക്കുന്നത് ഒരു പതിവു സംഭവമായിരുന്നു. സഹികെട്ട യഹൂദർ ഇതിനെതിരെ ഒരുമിക്കുകയും ചെറുത്തുനിൽപ്പിനായി തീവ്രവാദ സംഘത്തിന് രൂപം നൽകുകയും ചെയ്തു. സെലട്ട് (ദലഹീേ) എന്ന പേരിലാണ് അവർ അറിയപ്പെട്ടിരുന്നത്. ഇവർ റോമൻ സൈന്യത്തിന്റെ അക്രമത്തിനെതിരെ ചെറുത്തു നിൽക്കുകയും അവരെ വധിച്ച് അവർ അപഹരിച്ചുകൊണ്ടുപോയ വസ്തുവകകൾ വീണ്ടെടുക്കുകയും ചെയ്തിരുന്നു. തങ്ങളുടെ വസ്തുവകകൾ അന്യായമായി അപഹരിച്ചുകൊണ്ടുപോകുന്നവരോട് നിയമം നൽകുന്ന പരിരക്ഷ പോലും ഉപേക്ഷിച്ച് നിയമത്തിന്റെ സംരക്ഷണത്തെക്കാൾ ദൈവത്തിന്റെ സംരക്ഷണത്തിന് സ്വയം സമർപ്പിക്കാൻ പഠിപ്പിച്ച; തന്റെ സമ്പാദ്യത്തിൽ നിന്ന് അപഹരിച്ചിരുന്നവനെ തന്നെ പണസഞ്ചി സൂക്ഷിക്കാൻ ഏൽപ്പിച്ചവന്റെ പേരാണ് ദൈവപുത്രൻ.

4. ഒരു മൈൽ ദൂരം നടക്കാൻ നിർബന്ധിക്കുന്നവനുവേണ്ടി രണ്ടു മൈൽ ദൂരം നടക്കുക. (മത്താ .5:41 ൽ മാത്രം)

നിർബന്ധിത തൊഴിലുകളാണ് മിഴമൃശമൃല എന്ന ഗ്രീക്കു പദംകൊണ്ട് അർത്ഥമാക്കുന്നത്. രാജ്യത്തിന്റെ സന്ദേശങ്ങളും, പാർസലുകളും, എഴുത്തുകളും കൈമാറുന്നതിന്റെ ആവശ്യത്തിനായി ദൂരയാത്ര നടത്തുന്നവർ നിർബന്ധിതമായും കൂടുതൽ ദൂരം നിർബന്ധിത യാത്ര ചെയ്യണമെന്നത് സൈറ സിന്റെ (BC 531) മുതൽ നിലനിന്നിരുന്ന നിയമമായിരുന്നു. ഇതിനു തയ്യാറല്ലാത്തവരിൽ നിന്ന് വൻതുക കപ്പം പിരിക്കുകയോ, അവരുടെ സവാരി മൃഗങ്ങളെ പിടിച്ചെടുക്കുകയോ ചെയ്യാമായിരുന്നു. ഈ നിയമത്തിന്റെ മറപിടിച്ചുകൊണ്ട് റോമൻ സൈനികർ അവർ സ്വയം ചെയ്യേണ്ട പല ജോലികളും സാധാരണ ജനങ്ങളെ നിർബന്ധിച്ച് ഏൽപ്പിച്ചിരുന്നു. വിമുഖത കാട്ടിയിരുന്നവരിൽ നിന്ന് സൈനികർ വലിയ തുക കപ്പം പിരിച്ചിരുന്നു. യേശുവിന്റെ കാലത്ത് നിലനിന്നിരുന്ന ഇത്തരത്തിലുള്ള വിവിധതരം നിർബന്ധിത തൊഴിലുകൾക്കെതിരെ ഉയർന്നിരുന്ന മുറുമുറുപ്പുകളുടെ പശ്ചാത്തലത്തിലാണ് യേശുവിന്റെ ഈ പ്രബോധനത്തിന്റെ പ്രസക്തി വ്യക്തമാകുന്നത്.

അധികാരദണ്ഡിന്റെയും ദണ്ഡനത്തിന്റെയും പിൻബലത്തോടല്ലെങ്കിൽപ്പോലും തന്റേതല്ലാത്ത ഭാരം ചുമക്കാൻ നിർബന്ധിക്കപ്പെടുമ്പോൾ വൈമനസ്യം കൂടാതെ സൗമനസ്യത്തോടെ അപരനുവേണ്ടി ഭാരം ചുമക്കാൻ തയ്യാറാകുന്നവനു പറയുന്ന പേരാണ് ക്രിസ്തു ശിഷ്യൻ. ആരെല്ലാം ഇപ്രകാരം അപരന്റെ ഭാരം ഏറ്റെടുക്കാൻ നിർബന്ധിക്കപ്പെടുന്നുവോ അവതെ ല്ലാം ക്രിസ്തുവിന്റെ കുരിശു ചുമക്കാൻ ഭാഗ്യം ലഭിച്ച സൈറീൻകാരൻ ശിമയോനാകാനുള്ള ക്ഷണമാണ്.

5. തിരിച്ചു കിട്ടും എന്നു പ്രതീക്ഷിക്കാതെ വായ്പ നൽകുവിൻ.

വായ്പ വാങ്ങാൻ ആഗ്രഹിച്ചു വരുന്നവനിൽ നിന്ന് ഒഴിഞ്ഞുമാറരുത്. (മത്താ.5:42 ൽ ഇങ്ങനെയാണ്)

യേശുവിന്റെ കാലത്തു മാത്രമല്ല ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും നാമും അഭിമുഖീകരിക്കേണ്ടി വരുന്ന ഒരു സാമൂഹിക പ്രശ്നമാണിവിടെ കൈകാര്യം ചെയ്യുന്നത്. ശരിയായി അദ്ധ്വാനിക്കുന്നവർക്ക് എന്നും ഐശ്വര്യമുണ്ടായിരിക്കും. സാമ്പത്തിക പുരോഗതിയുണ്ടായിരിക്കും. എന്നാൽ അദ്ധ്വാനിക്കാതെ അലസമായിരിക്കുന്നവർക്ക് (മത്താ.20:6) ദാരിദ്ര്യവും പട്ടിണിയും കൂടപ്പിറപ്പുകളായിരിക്കും (സുഭാ. 6:11, 10:4, 12:11, 13:4). ജീവിതകാലം മുഴുവൻ അലസരായിരുന്ന് മറ്റുള്ളവരുടെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കാൻ മാത്രം നടക്കുന്ന അലസന്മാരുടെ ആഗമനം തന്നെ ഇത്തിക്കണ്ണിയെപ്പോലെ വെറുപ്പുളവാക്കപ്പെടും. എന്നാൽ സാധാരണമായി തിരിച്ചു തരാൻ പ്രയാസമില്ലാത്തവർക്കും, സമ്പന്നരായവർക്കും, ഉന്നതസ്ഥാനീയർക്കും വായ്പ നൽകാൻ ആർക്കും യാതൊരു മടിയുമില്ല താനും.

ഇവിടെയാണ് പുതിയൊരു സാമൂഹികക്രമത്തിന് ഊടും പാവും ഇട്ടുകൊണ്ട് യേശു പ്രഖ്യാപിക്കുന്ന പുതിയ സാമൂഹിക ക്രമത്തിന്റെ പ്രസക്തി. സ്നേഹം നൽകുന്നവന് പകരം സ്നേഹം നൽകുന്നതും, നന്മ ചെയ്യുന്നവന് പകരം നന്മ ചെയ്യുന്നതും, വായ്പ നൽകിയവന് പകരം വായ്പ നൽകുന്നതും കേവലം കച്ചവടം മാത്രമാണ്. വെറും ലൗകിക വ്യാപാരം. ആത്മീയത തീരെ ആവശ്യമില്ലാത്ത ക്രയവിക്രയങ്ങൾ മാത്രം. കച്ചവടത്തെ നയിക്കുന്നത് ലാഭത്തിന്റെ കണ്ണുകളും പ്രയോജനത്തിന്റെ തത്ത്വസംഹിതകളുമാണ്. കച്ചവടത്തിൽ ആത്മീയതയോ സുവിശേഷമോ, ക്രിസ്തീയതയോ, സ്നേഹമോ ലവലേശമില്ല.

അതുപോലെ തന്നെ സ്നേഹത്തിൽ കച്ചവടത്തിനും സ്ഥാനമില്ല. കാരണം അപരന്റെ നന്മയ്ക്കുവേണ്ടി മുറിയപ്പെടാനുള്ള സന്നദ്ധതയും വ്യഗ്രതയുമാണ് സ്നേഹം. അപരനുവേണ്ടി ഭാരം വഹിക്കുന്നിടത്ത് മാധുര്യം നുരയുന്നുണ്ടെങ്കിൽ, അപരനുവേണ്ടി മുറിവേൽക്കുവാൻ ആവേശം പതയുണ്ടെങ്കിൽ, അപരനോടു വീണ്ടും വീണ്ടും ക്ഷമിക്കാൻ ഹൃദയം വെമ്പുന്നുണ്ടെങ്കിൽ, നൽകിയിട്ടും നൽകിയിട്ടും നൽകിയിട്ടും തൃപ്തി വരുന്നില്ലെങ്കിൽ അതിന്റെ യെല്ലാം അർത്ഥം അവിടെ ക്രിസ്തുവുണ്ട്, അവിടെ സ്നേഹമുണ്ട്, അവിടെ ശിഷ്യത്വമുണ്ട്, അവിടെ ആത്മീയതയുണ്ട് എന്നു തന്നെ.

തന്നെ വധക്കളത്തിലേയ്ക്കു വലിച്ചിഴച്ചവന്റെ ചെവി സൗഖ്യമാക്കിയ (ലൂക്ക.22:51), തന്നെ കുരിശിൽ തറച്ചു കൊന്നിട്ടും മതിയാകാതെ മാറിടം കുത്തിപ്പിളർന്നവനു കാഴ്ച നൽകിയ ദൈവപുത്രന്റെ ആ പുത്ര സ്ഥാനത്തേയ്ക്കുള്ള ക്ഷണമാണ്, പിതാവിന്റെ പരിപൂർണ്ണതയിലേയ്ക്കുള്ള ഒരു ക്ഷണമാണ് യേശുവിന്റെ ഈ പ്രബോധനം.

അതിനാൽ തിരഞ്ഞെടുക്കപ്പെട്ടവർ എന്ന നിലയിൽ നിന്ന് ദൈവമക്കൾ എന്ന നിലയിലേയ്ക്കുള്ള വളർച്ചയിലാണ് – ക്രിസ്ത്യാനി എന്ന നിലയിൽ നിന്ന് ക്രിസ്തു ശിഷ്യൻ എന്ന നിലയിലേയ്ക്കുള്ള വളർച്ചയിലാണ് – വിശ്വാസി എന്ന നിലയിൽ നിന്ന് സ്നേഹിക്കുന്നവർ എന്ന നിലയിലേയ്ക്കുള്ള വളർച്ചയിലാണ് ക്രിസ്തീയ ആത്മീയത എന്ന തിരിച്ചറിവിനാലാണ് നാമൊ ക്കെ സ്നാനം ചെയ്യേണ്ടത്.

ശത്രുവിനെ സ്നേഹിക്കുവാനും (മത്താ. 5:44) പീഡിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും (5:44) ശത്രുവിനു വിശക്കുമ്പോൾ ഭക്ഷണവും, ദാഹിക്കുമ്പോൾ കുടിക്കാൻ നൽകാനും (സുഭാ. 25:21,22, റോമാ 12: 20) എന്ന് നമുക്കു സാധിക്കുമോ അന്നു മാത്രമേ നാമോരോരുത്തരും ദൈവ മക്കൾ അല്ലെങ്കിൽ ക്രിസ്തു ശിഷ്യൻ എന്ന നിലയിലേയ്ക്കു വളരുകയുള്ളൂ, ദൈവ പിതാവിന്റെ പരിപൂർണ്ണതയിലലിഞ്ഞു ചേർന്ന് വരും തലമുറയുടെ ഹൃദയത്തിലും ദൈവപിതാവിന്റെ സവിധത്തിലും നിത്യം ജീവിക്കുകയുള്ളൂ. അതു വരെ നാമൊക്കെ വെറും 'തെരഞ്ഞെടുക്കപ്പെട്ടവർ' അല്ലെങ്കിൽ വെറും 'ക്രിസ്ത്യാനികൾ' മാത്രമായി വരുംതലമുറകളുടെ ഓർമ്മയിൽ നിന്നുപോ ലും മൺമറഞ്ഞു പോകും.

നമുക്കു പ്രാർത്ഥിക്കാം

അലറിയടിക്കുന്ന തിരമാലയ്ക്കു നടുവിൽ ശാന്തരായിരിക്കാനും അലറിവിളിക്കുന്ന അക്രമികൾക്കുവേണ്ടി കുതറാതെ, ക്ഷമിച്ചു പ്രാർത്ഥിക്കു വാനും, അപരനുവേണ്ടി എന്റെ ജീവനും, സമയവും, സ്വത്തും, ആരോഗ്യവും വ്യയം ചെയ്യുവാനും, കാരുണ്യത്തിന്റെ ഉറവ പൊട്ടിയ സ്നേഹത്തിന്റെ കടലാകുവാനും, എന്നെയും ദൈവപുത്ര സ്ഥാനത്തേയ്ക്ക് വളർത്തണമേ. ആമ്മേൻ.